# റമളാൻ പാഠശാലയിൽ നിന്ന് പുറത്തിറങ്ങിയവരോട്...

അബൂ അബ്ദില്ലാഹ് മിഖ്ദാദ് ബിൻ അലി അൽ ഹിന്ദി حفظه الله

www.uloomussunnah.com

بسم الله الرحمن الرحيم

الحمد لله الصلاة والسلام على رسول الله أما بعد

## റമളാൻ പാഠശാലയിൽ നിന്ന് പുറത്തിറങ്ങിയവരോട്...

അല്ലാഹുവിന്റെ മഹത്തായ  അനുഗ്രഹവും കാരുണ്യവും കൊണ്ട് ഒരു റമളാൻ കൂടി നാം പൂർത്തിയാക്കിയിരിക്കുകയാണ്.

وَلَوْلَا فَضْلُ اللَّهِ عَلَيْكُمْ وَرَحْمَتُهُ مَا زَكَىٰ مِنكُم مِّنْ أَحَدٍ أَبَدًا وَلَٰكِنَّ اللَّهَ يُزَكِّي مَن يَشَاءُ ۗ وَاللَّهُ سَمِيعٌ عَلِيمٌ

നിങ്ങളുടെ മേൽ അല്ലാഹുവിൻറെ അനുഗ്രഹവും കാരുണ്യവും ഇല്ലാതിരുന്നെങ്കിൽ നിങ്ങളിൽ ഒരാളും ഒരിക്കലും പരിശുദ്ധി പ്രാപിക്കുകയില്ലായിരുന്നു. പക്ഷെ, അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് പരിശുദ്ധി നൽകുന്നു. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമത്രെ.

ഖുർആൻ 24:21

മുഅ്മിനീങ്ങൾക്ക് പരിശുദ്ധി പ്രാപിക്കാനും തഖ്വ നേടാനും കാരുണ്യവാനായ നമ്മുടെ റബ്ബ് ചെയ്തുതന്ന വലിയ ഒരു അവസരമാണ് റമളാൻ മാസം. ശൈതാന്മാരെ വിലങ്ങുവെച്ച് ഉന്നതമായ പ്രതിഫലങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ട് നോമ്പിലൂടെയും നമസ്കാരത്തിലൂടെയും സകാതിലൂടെയും മറ്റു സൽകർമ്മങ്ങളിലൂടെയും തന്റെ റബ്ബിലേക്ക് മുന്നേറാൻ അടിമകൾക്ക് വഴി എളുപ്പമാക്കിക്കൊടുക്കുന്നു.

റമളാനിൽ ജനങ്ങൾ പല വിഭാഗങ്ങളാണ്.
പൂർണ്ണമായും മറ്റു സുഖഭോഗങ്ങളെല്ലാം വെടിഞ്ഞ് അതിനെ നോമ്പിനും നമസ്കാരത്തിനും ഖുർആൻ പാരായണത്തിനും സ്വദഖകൾക്കും ഇഅ്തികാഫിനും മറ്റു സൽകർമ്മങ്ങൾക്കും മാറ്റി വെച്ചവർ...

അതിൽ ചെറിയ പങ്കാളിത്തം വഹിച്ച് കൂടെത്തന്നെ വിവിധ തരം രുചികരമായ ഭക്ഷണ പാനീയങ്ങൾക്കും വിനോദവർത്തമാനങ്ങൾക്കും
അതിനെ വേദിയാക്കിയവർ.

അതിനു വേണ്ട വിലകൊടുക്കാതെ മുഖം തിരിച്ച് അല്ലാഹുവിൽ നിന്ന് കൂടുതൽ അകലം

കൈവരിച്ച് പാപമോചനം ലഭിക്കാതെ ജിബ്രീലിന്റെ ദുആക്ക് റസൂലിന്റെ തഅ്മീനിൽ പെട്ട ഒരു കൂട്ടർ...
അതിൽ നിന്ന് അല്ലാഹു നമ്മെ കാക്കട്ടെ...
ആദ്യത്തെ കൂട്ടരിൽ പെടുന്നവരാകട്ടെ നമ്മൾ...

റമളാൻ കഴിഞ്ഞല്ലോ, ഇനി തുടർച്ചയായ നോമ്പും ദീർഘമായ രാത്രി നമസ്കാരമൊന്നും ഇല്ലല്ലോ എന്നല്ല അതിൽ നിന്ന് പുറത്തിറങ്ങുമ്പോൾ ഒരു വിശ്വാസി സന്തോഷിക്കേണ്ടത്.
മറിച്ച്; ഉറച്ച വിശ്വാസത്തോടെയും പ്രതിഫലം പ്രതീക്ഷിച്ചും ആ മാസത്തിൽ സൽകർമ്മങ്ങൽ ചെയ്തവർക്ക് അല്ലാഹുവിന്റെ വാഗ്ദാനമായ പാപമോചനം....
ആ പാപമോചനം ലഭിച്ചിട്ടുണ്ട് അതിലൂടെ ഞാൻ ശുദ്ധീകരിക്കപ്പെട്ടിട്ടുണ്ട് എന്ന സന്തോഷമായിരിക്കണം പെരുന്നാൾ ആഘോഷിക്കുന്ന ഒരു വിശ്വാസിക്ക് ഉണ്ടായിരിക്കേണ്ടത്.

വിശ്വാസികൾ കൂടിച്ചേരുന്ന, ദീൻ സാഹോദര്യം ബലപ്പെടുത്തുന്ന, റമളാനിലെ സൽകർമ്മങ്ങൾ സ്വീകരിക്കപെടാനും കൂടുതൽ നന്മളിലേക്ക് മുന്നേറാനും പരസ്പരം ദു ആ ചെയ്ത് സന്തോഷം പങ്കിടുന്ന പെരുന്നാൾ സംഗമം...
ആ സംഗമം വരാനിരിക്കുന്ന പരലോകത്തെ ഒരു വലിയ സംഗമത്തെ നമ്മെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

ഒരു വിശ്വാസിയുടെ കർമ്മങ്ങൾ ഇതോടെ അവസാനിക്കുകയല്ല മറിച്ച് കൂടുതൽ ശുഭപ്രതീക്ഷയോടെയും ഭയഭക്തിയോടേയും അത് മരണം വരെ തുടർന്നു പോകുന്നു...

وَاعْبُدْ رَبَّكَ حَتَّىٰ يَأْتِيَكَ الْيَقِينُ

ഖുർആൻ 15:99

ലോകരക്ഷിതാവ് നമുക്ക് നിർബന്ധമാക്കിയ ഒരു മഹത്തായ പാഠശാലയാണ് റമളാൻ മാസം.
ആ വിശുദ്ധമായ പരിശീലന കാലയളവിൽ വലിയ വലിയ ഹിക്മത്തുകളുണ്ട്.

ഒരുമാസത്തെ ആ കാലയളവിൽ നേടിയെടുത്തത് പരമാവധി നാം നമ്മുടെ നിത്യ ജീവിതത്തിൽ പുലർത്തിപ്പോരേണ്ടതുണ്ട്.

ദുന്യവിയായ പാഠശാലകളിൽ നിന്ന് വാർഷികപരീക്ഷ കഴിഞ്ഞ് പുറത്തിറങ്ങുമ്പോൾ പുസ്ത്കം വലിച്ചെറിയുന്നരെപ്പോലെ ആകരുത് നാം.

നിർബന്ധമല്ലാതെ തന്നെയുള്ള സുന്നത്തായ നോമ്പിനും നമസ്കാരത്തിനും സ്വദഖകൾക്കും

നമ്മുടെ മുന്നോട്ടുള്ള ജീവിതത്തിൽ ഒരു പങ്ക് നൽകേണ്ടതുണ്ട്. റമളാനിൽ കുടുംബത്തോടെ പ്രായഭേദമന്യേ ദൈർഘ്യമേറിയ രാത്രി നമസ്കാരങ്ങളിൽ പങ്കുവഹിച്ചിരുന്നവർ ഫജ്റ് ബാങ്ക് വിളിക്കുമ്പോഴും മൂടിപ്പുതച്ചുറങ്ങുന്നവരിലേക്ക് കൂപ്പുകുത്തരുത്.

മറിച്ച് സ്വന്തം മക്കളെയും ഭാര്യമാരെയും അന്ത്യയാമങ്ങളിൽ വിളിച്ചുണർത്തുന്നവരാകണം നാം.

وَبِالْأَسْحَارِ هُمْ يَسْتَغْفِرُونَ

രാത്രിയുടെ അന്ത്യവേളകളിൽ അവർ പാപമോചനം തേടുന്നവരായിരുന്നു.

ഖുർആൻ 51:18

الصَّابِرِينَ وَالصَّادِقِينَ وَالْقَانِتِينَ وَالْمُنفِقِينَ وَالْمُسْتَغْفِرِينَ بِالْأَسْحَارِ

ക്ഷമ കൈക്കൊള്ളുന്നവരും, സത്യം പാലിക്കുന്നവരും, ഭക്തിയുള്ളവരും ചെലവഴിക്കുന്നവരും, രാത്രിയുടെ അന്ത്യയാമങ്ങളിൽ പാപമോചനം തേടുന്നവരുമാകുന്നു അവർ (അല്ലാഹുവിൻറെ ദാസൻമാർ.)

ഖുർആൻ 3:17

കുട്ടികളല്ലേ... പ്രായപൂർത്തിയായിട്ടില്ലല്ലോ... ഫർദ് നമസ്കാരമൊന്നുമല്ലല്ലോ...
എന്ന ഈമാൻ കുറഞ്ഞവരുടെ വാക്കുകൾ കടമെടുക്കുന്നവരാകരുത് നമ്മൾ. നല്ല ശീലങ്ങളിലുള്ള തർബിയത്ത് ചെറിയ പ്രായത്തിൽ തന്നെ തുടങ്ങേണ്ടതുണ്ട്. വളരാൻ കാത്തു നിന്നാൽ അതിനു ബുദ്ധിമുട്ടാകും അല്ലെങ്കിൽ സാധിക്കാതെ വന്നേക്കാം.
ഒരു വൃക്ഷത്തെ അതിന്റെ വളർച്ചയുടെ ആദ്യഘട്ടങ്ങളിൽ എങ്ങിനെ വേണമെങ്കിലും വളച്ചെടുക്കാം...വളർന്നു കഴിഞ്ഞാലോ...!

അഹ്ലുസ്സുന്നയുടെ പതാകയേന്തുന്ന നമ്മളും നമ്മുടെ മക്കളും മാതൃകയായില്ലെങ്കിൽ മറ്റാരാണ് മുസ്‌ലിം സമുദായത്തിന് മാതൃക കാണിക്കുക. ഓരോ വ്യക്തിയും ഓരോ സമൂഹത്തെ മുന്നോട്ട് കൊണ്ടുപോകേണ്ടവരാണ്, അതിന് ഓരോരുത്തരും ഇപ്പോഴേ തയ്യാറെടുക്കേണ്ടതുണ്ട്.

ഏതെല്ലാം ഇബാദത്തുകളിലാണോ റമളാനിനു മുമ്പ് നാം വീഴ്ച്ച വരുത്തിയിരുന്നത് അത് ഇനി ഉണ്ടാകാൻ പാടില്ല...
എല്ലാ കേടുപാടുകളേയും ഖുർആൻ കൊണ്ടും സുന്നത്തു കൊണ്ടും പരിചരിക്കുക.

അല്ലാഹുവിന്റെ പ്രീതിയിലുള്ള എല്ലാ സൽകർമ്മങ്ങളിലും മുന്നേറുന്നവരാകണം നമ്മൾ. അവന്റെ കോപത്തിനു ഇടവരുത്തുന്ന, അവ ധിക്കരിക്കുന്ന കാര്യങ്ങളിൽനിന്നും ബഹുദൂരം വിട്ടുനിൽക്കുന്നവരുമായിരിക്കണം.

مَنْ عَمِلَ صَالِحًا مِّن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَلَنُحْيِيَنَّهُ حَيَاةً طَيِّبَةً ۖ وَلَنَجْزِيَنَّهُمْ أَجْرَهُم بِأَحْسَنِ مَا كَانُوا يَعْمَلُونَ

ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമ്മം പ്രവർത്തിക്കുന്ന പക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ച് കൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നൽകുകയും ചെയ്യും.

ഖുർആൻ 16:97

وَمَنْ عَمِلَ صَالِحًا مِّن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَأُولَٰئِكَ يَدْخُلُونَ الْجَنَّةَ يُرْزَقُونَ فِيهَا بِغَيْرِ حِسَابٍ

സത്യവിശ്വാസിയായികൊണ്ട് സൽകർമ്മം പ്രവർത്തിക്കുന്നതാരോ പുരുഷനോ സ്ത്രീയോ ആകട്ടെ അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. കണക്കുനോക്കാതെ അവർക്ക് അവിടെ ഉപജീവനം നൽകപ്പെട്ടുകൊണ്ടിരിക്കും.

ഖുർആൻ 40:40

إِنَّ الَّذِينَ قَالُوا رَبُّنَا اللَّهُ ثُمَّ اسْتَقَامُوا تَتَنَزَّلُ عَلَيْهِمُ الْمَلَائِكَةُ أَلَّا تَخَافُوا وَلَا تَحْزَنُوا وَأَبْشِرُوا بِالْجَنَّةِ الَّتِي كُنتُمْ تُوعَدُونَ

ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുകയും, പിന്നീട് നേരാംവണ്ണം നിലകൊള്ളുകയും ചെയ്തിട്ടുള്ളവരാരോ അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങിവന്നുകൊണ്ട് ഇപ്രകാരം പറയുന്നതാണ്: നിങ്ങൾ ഭയപ്പെടുകയോ ദു ഖിക്കുകയോ വേണ്ട നിങ്ങൾക്ക് വാഗ്ദാനം നൽകപ്പെട്ടിരുന്ന സ്വർഗത്തെപ്പറ്റി നിങ്ങൾ സന്തോഷമടഞ്ഞ് കൊള്ളുക.

ഖുർആൻ 41:30

ഇബ്നു റജബ് رحمه الله (ലതാഇഫ് അൽ മആരിഫിൽ) പറയുന്നു:

റമളാനിലെ സൽകർമ്മങ്ങളുടെ തുടർച്ച റമളാനിനു ശേഷവും ഒരാളിൽ കണ്ടുകഴിഞ്ഞാൽ അത് റമളാനിലെ സൽകർമ്മങ്ങൾ സ്വീകരിക്കപ്പെട്ടു എന്നത് സൂചിപ്പിക്കുന്നു. സലഫുകൾ പറഞ്ഞത് പോലെ; സൽകർമ്മങ്ങളുടെ പ്രതിഫലം അതിനു ശേഷമുള്ള മറ്റു സൽകർമ്മങ്ങളാണ്... എന്നാൽ ശേഷം വരുന്നത് നേരേ തിരിച്ചാണെങ്കിലോ...

لا حول ولا قوة إلا بالله.

അല്ലാഹു അതിൽ നിന്ന് നമ്മെ സംരക്ഷിക്കുമാറാകട്ടെ....

تقبل الله منا ومنكم صالح الأعمال

سبحانك اللهم وبحمدك أشهد أن لا إله إلا
أنت أستغفرك وأتوب إليك

അബൂ അബ്ദില്ലാഹ് മിഖ്ദാദ് ബിൻ അലി അൽ ഹിന്ദി حفظه الله
06/ ശവ്വാൽ/1442
മസ്ജിദുസ്സുന്ന, മഅ്രിബ്, അൽ യെമൻ.

www.uloomussunnah.com
T.me/uloomussunnah
T.me/durarsalafiyya